**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1053** **12-06-2024 - ൽ മറുപടിയ്ക്ക്**

**ഇറിഗേഷൻ വകുപ്പിന്റെ ഉടമസ്ഥതയിലുള്ള ഭൂമിയിൽ ടൂറിസം പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. റോജി എം. ജോൺ | | ശ്രീ. റോഷി അഗസ്റ്റിൻ<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | ഇറിഗേഷൻ വകുപ്പിന്റെ ഉടമസ്ഥതയിലുള്ള ഭൂമി കാട് പിടിച്ച് തരിശ് കിടക്കുന്നതുമൂലം പൊതുജനങ്ങൾക്കും പ്രദേശവാസികൾക്കും ഉണ്ടാകുന്ന ബുദ്ധിമുട്ടും അപകടവും ഒഴിവാക്കുന്നതിനായി ഇത്തരം കേന്ദ്രങ്ങളിൽ എം.എൽ.എ. ഫണ്ട് വിനിയോഗിച്ച് പ്രാദേശിക ടൂറിസം പദ്ധതികൾ ആരംഭിക്കുന്നതിന് അനുമതി നൽകുന്ന കാര്യത്തിൽ അനുകൂല നടപടി സ്വീകരിക്കുമോ; | (എ) | ഇറിഗേഷൻ ടൂറിസം പദ്ധതിയുടെ മാർഗ്ഗനിർദ്ദേശങ്ങൾ പ്രകാരം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ, സർക്കാർ ഏജൻസികൾ, പ്രൈവറ്റ് സ്ഥാപനങ്ങൾ, വ്യക്തികൾ, സൊസൈറ്റികൾ എന്നിങ്ങനെ വിഭാഗത്തിലുള്ള ആർക്കു വേണമെങ്കിലും ഇറിഗേഷൻ ടൂറിസം പദ്ധതിയിൽ പങ്കാളിയാകാം. ഇറിഗേഷൻ ടൂറിസം പദ്ധതിക്ക് എം.എൽ.എ ഫണ്ട് വിനിയോഗിച്ച് നടപ്പാക്കുന്നത് പരിഗണിക്കാവുന്നതാണ്.<br><br>ജലസേചന വകുപ്പ് പൊന്നുംവില നൽകി വാങ്ങിയിരിക്കുന്ന ഭൂമി വകുപ്പിന്റെ നിലവിലുള്ളതും ഭാവിയിലേക്ക് ആവശ്യമുള്ളതുമായ പ്രവൃത്തികൾക്ക് ആവശ്യമില്ല എന്ന് ഉറപ്പാക്കിയ ശേഷം അനുമതി ലഭ്യമാക്കി ടൂറിസം പദ്ധതികൾ ആരംഭിക്കുന്നതിനുള്ള സാധ്യത പരിശോധിക്കാവുന്നതാണ്. |
| (ബി) | അങ്കമാലി മണ്ഡലത്തിൽ ഇറിഗേഷൻ വകുപ്പിന്റെ കീഴിൽ വെറുതെ കിടക്കുന്ന നാല് പ്രധാന കേന്ദ്രങ്ങളിൽ, എം.എൽ.എ. ഫണ്ട് വിനിയോഗിച്ച്, ടൂറിസത്തിന്റെ ഭാഗമായി സൗന്ദര്യവൽകൃത പാർക്ക് നിർമ്മിക്കുന്നതിനായി വകുപ്പ് മന്ത്രിക്കും ചീഫ് എഞ്ചിനീയർ (പ്രോജക്റ്റ്)നും നൽകിയ കത്തിന്മേൽ റിപ്പോർട്ട് വേഗത്തിൽ ലഭ്യമാക്കി പാർക്ക് നിർമ്മിക്കുന്നതിനായി അനുമതി നൽകുന്നതിനുള്ള നടപടി സ്വീകരിക്കുമോ; വിശദാംശം ലഭ്യമാക്കുമോ? | (ബി) | അങ്കമാലി മണ്ഡലത്തിൽ ഇറിഗേഷൻ വകുപ്പിന്റെ കീഴിലുള്ള 4 പ്രധാന സ്ഥലങ്ങൾ ലോ-ലെവൽ കനാലിന്റെ വിവിധ ഭാഗങ്ങളിലായാണ് നിലനിൽക്കുന്നത്. കനാലിന്റെയും ബണ്ട് റോഡിന്റെയും നിർമ്മാണ പ്രവർത്തനങ്ങളും അറ്റകുറ്റപ്പണികളും നടപ്പിലാക്കുന്ന സമയങ്ങളിൽ പ്രവൃത്തിക്കാവശ്യമായ നിർമ്മാണ സാമഗ്രികൾ സ്റ്റോക്ക് ചെയ്യുന്നതിനായി പ്രസ്തുത സ്ഥലങ്ങൾ ആവശ്യമാണ്. കൂടാതെ വാർഷിക അറ്റകുറ്റപ്പണികളിൽ കനാലുകളിൽ നിന്നും ബണ്ടിൽ നിന്നുമുള്ള കാട് നീക്കം ചെയ്ത് അവശിഷ്ടങ്ങളും മണ്ണും ജനങ്ങൾക്ക് ബുദ്ധിമുട്ടില്ലാതെ ശേഖരിക്കുന്നതിന് ഈ സ്ഥലം ഉപയോഗിച്ച് വരുന്നു. |

സെക്ഷൻ ഓഫീസർ